"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൈറ്റിന്റെ മേൽനോട്ടത്തിൽ ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ ഫലപ്രാപ്തി പഠനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, സൗത്ത് ഇന്ത്യ (RIESI) യുമായി സംയുക്തമായി നടത്താനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.3942/2022/GEDN തീയതി,തിരുവനന്തപുരം, 06-07-2022

---

പരാമർശം:- 21.06.2022 ലെ കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കൈറ്റ്/2022/1468(10) നമ്പർ കത്ത്

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിരുന്നു എന്നും ഇതിന്റെ തുടർച്ചയായി സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം ഉയർത്തുന്നതിനും പഠനം കൂടുതൽ രസകരമാക്കുന്നതിനും ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും ഇ - ക്യൂബ് ഇംഗ്ലീഷ് പദ്ധതിയുടെ ഭാഗമായ ഇ-ലാംഗ്വേജ് ലാബ് എല്ലാ സ്കൂളുകളിലും നടപ്പിലാക്കിയാൽ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം ഉയർത്താൻ കഴിയുന്നതാണ് എന്നും നിലവിൽ പരിശീലനം ലഭിച്ച അധ്യാപകരുടെ സഹായത്തോടെ ഇ-ലാംഗ്വേജ് ലാബ് ഉപയോഗിച്ചുള്ള പഠനപ്രവർത്തനങ്ങൾ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കാൻ കഴിയും എന്നും ഇ-ലാംഗ്വേജ് ലാബ് ഉപയോഗിച്ചുള്ള ഇംഗ്ലീഷ് പഠനത്തിന്റെ ഫലപ്രാപ്തി പഠനം (Baseline study) സംയുക്തമായി നടത്തുന്നതിനായി കേന്ദ്ര വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, സൗത്ത് ഇന്ത്യ (RIESI), ഐടി ഗവേഷണ സ്ഥാപനമായ ഐ.ടി. ഫോർ ചെയ്ഞ്ച് എന്നീ സ്ഥാപനങ്ങൾ തയ്യാറാണെന്ന് എന്നും ആയതിനാൽ കൈറ്റിന്റെ മേൽനോട്ടത്തിൽ ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ ഫലപ്രാപ്തി പഠനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷുമായി സംയുക്തമായി നടത്താനുള്ള അനുമതി നൽകണമെന്നും പരാമർശം കത്തിൽ സി.ഇ.ഒ. കൈറ്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈറ്റിന്റെ മേൽനോട്ടത്തിൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകരുത് എന്ന വ്യവസ്ഥയിൽ ഇ-ക്യൂബ് ഇംഗ്ലീഷ് ലാംഗ്വേജ് ലാബിന്റെ ഫലപ്രാപ്തി പഠനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, സൗത്ത് ഇന്ത്യ (RIESI) യുമായി സംയുക്തമായി നടത്താനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 06-07-2022 15:52:00
സെക്ഷൻ ഓഫീസർ